പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1287 20-01-2014 -ൽ മറുപടിക്ക്

## കന്തൽ പജ്ജാന, അട്ക്കസ്ഥല തൂക്കുപാലങ്ങളുടെ നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.ബി.അബ്ദുൾ റസാക് | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ കന്തൽ പജ്ജാന, അട്ക്കസ്ഥല എന്നീ സ്ഥലങ്ങളിൽ തൂക്കുപാലം നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ കന്തൽ പജ്ജാന എന്ന സ്ഥലത്ത് തൂക്ക് പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ടും എസ്റ്റിമേറ്റും അടിയന്തിരമായി സമർപ്പിക്കുന്നതിന് പുത്തിഗെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. അട്ക്കസ്ഥല എന്ന സ്ഥലത്ത് തൂക്ക് പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് ശുപാർശ സ്റ്റേറ്റ് ലെവൽ എക്സ്പേർട്ട് കമ്മിറ്റിക്ക് സമർപ്പിക്കാൻ കാസർഗോഡ് DLEC യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത തൂക്കുപാലങ്ങൾ ആർ.എം.എഫ്. ഉപയോഗിച്ച് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി) | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് തൂക്ക് പാലങ്ങൾ നിർമ്മിക്കുവാൻ നിലവിൽ വ്യവസ്ഥ ഇല്ല. |

സെക്ഷൻ ഓഫീസർ